# ദി കണ്ണൂർ കോ-ഓപ്പറേറ്റീവ് അർബ്ബൻ ബേങ്ക് ലിമിറ്റഡ്

നമ്പർ.1534 ഹെഡ്ഡാഫീസ്സ്, താവക്കര, കണ്ണൂർ-2, ഫോൺ : 2703215
(റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ളത്)

## പൊതുയോഗ നോട്ടീസ് 2019-20

മാന്യരെ,

കണ്ണൂർ കോ-ഓപ്പറേറ്റീവ് അർബ്ബൻ ബേങ്ക് ലിമിറ്റഡ്, നമ്പർ 1534, കണ്ണൂർ-2 ന്റെ **വാർഷിക പൊതുയോഗം 2021 ജനുവരി മാസം 23-ാം തീയ്യതി ശനിയാഴ്ച രാവിലെ 10.30 ന് കണ്ണൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ (മുനിസിപ്പൽ ഹയർസെക്കന്ററി സ്കൂൾ)** വെച്ച് ചേരുന്നതാണ്. പ്രസ്തുത യോഗത്തിൽ മുഴുവൻ 'എ' ക്ലാസ് മെമ്പർമാരും കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

കണ്ണൂർ<br>05.01.2021

ആജ്ഞാനുസരണം, (ഒപ്പ്)<br>പി.രൂപ (ജനറൽ മാനേജർ)

## കാര്യപരിപാടി

**(1).** സ്വാഗതം.
**(2).** അദ്ധ്യക്ഷ പ്രസംഗം
**(3).** കഴിഞ്ഞ പൊതുയോഗ മിനുട്സ് വായിച്ച് റിക്കാർഡാക്കൽ
**(4).** 2019-20 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കൽ
**(5).** 2019-20 വർഷത്തെ വരവ് ചിലവ് കണക്ക്, കടധന പട്ടിക, ലാഭനഷ്ട കണക്ക് അംഗീകരിക്കൽ
**(6).** 2019-20 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റും, ന്യൂനതാ സംഗ്രഹവും അംഗീകരിക്കൽ
**(7).** 2019-20 വർഷത്തെ ഓഡിറ്റ്റിപ്പോർട്ട് അനുസരിച്ചുള്ള ലാഭവിഭജനം
**(8).** 2019-20 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കൽ
**(9).** 2021-2022 വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കൽ
**(10)** നിയമാവലി ഭേദഗതികൾ
**(11).** 2021-2022 വർഷത്തെ വികസന ആസൂത്രണ പദ്ധതികൾ ചർച്ചചെയ്യൽ
**(12).** 2020-21 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി ഓഡിറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ച്
**(13)** റിസർവ്വ് ബാങ്ക് നിർദ്ദേശപ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ബോർഡ് ഓഫ് മാനേജ്മെന്റ് എന്നിവ രൂപീകരിച്ചത് അംഗീകരിക്കുന്നത് സംബന്ധിച്ച്
**(14).** ചോദ്യങ്ങളും, പ്രമേയങ്ങളും (മെമ്പർ മാരിൽ നിന്നും ലഭിച്ചത്) അവയ്ക്കുള്ള മറുപടിയും
**(15).** അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റുവിഷയങ്ങൾ
**(16).** കൃതജ്ഞത

**നിയമാവലി ഭേദഗതികൾ**

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ 31.12.2019 ലെ സർക്കുലർ പ്രകാരം ബാങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നതിനും, ബോർഡ് ഓഫ് മാനേജ്മെന്റ് രൂപീകരിക്കുന്നതും സംബന്ധിച്ച വ്യവസ്ഥകൾ നിയമാവലിയിൽ കൂട്ടി ചേർക്കുന്നതിനു വേണ്ടിയുള്ള നിയമാവലി ഭേദഗതി ശുപാർശകളാണ് യോഗത്തിൽ അവതരിപ്പിക്കുന്നത്.

**NB:**1) പൊതുയോഗത്തിന്റെ അജണ്ട സംബന്ധിച്ച വിശദമായ റിപ്പോർട്ടുകൾ ബാങ്കിന്റെ ഹെഡ് ഓഫീസിലും ബ്രാഞ്ചുകളിലും സഹകരണ ചട്ടവും നിയമാവലിയും പ്രകാരം പ്രസിദ്ധീകരിക്കേണ്ട മറ്റു സ്ഥാപനങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(2) ചോദ്യങ്ങളും പ്രമേയങ്ങളും 2021 ജനുവരി മാസം 19-ാം തീയ്യതി ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി ജനറൽ മാനേജർക്ക് ലഭിച്ചിരിക്കേണ്ടതാണ്. വൈകികിട്ടുന്നവ പരിഗണിക്കുന്നതല്ല.

(3). പൊതുയോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾ ഐഡന്റിറ്റി കാർഡ്/ഷെയർ സർട്ടിഫിക്കറ്റ് കൊണ്ടുവരേണ്ടതാണ്. (ഭരണ സമിതിയുടെ 05.01.2021 ലെ 7/2020-21 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത്).

(4) യോഗം നടക്കുന്നത് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള കോവിഡ് 19 മാനദണ്ഢങ്ങൾ പാലിച്ചു കൊണ്ടായിരിക്കും. ഇത് സംബന്ധിച്ച് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിക്കാൻ യോഗത്തിൽ പങ്കെടുക്കുന്നവർ ശ്രദ്ധിക്കേണ്ടതാണ്.